I/78027/2023

**സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം (മിഷൻ വാത്സല്യ)**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജര്: പ്രിയങ്ക ജി IAS ഡയറക്ടര് വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/2293/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 27-01-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ICPS - CWC, JJB മെമ്പർമാരുടെ നടപ്പ സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസ്/ ഹോണറേറിയം- കുടിശ്ശിക തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം : 1. കേന്ദ്ര സർക്കാർ ഉത്തരവ് CW-II-22/6/2022 -CW-II തീയതി:05/07/2022

2. വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 04.01.2023 ന് ചേർന്ന 38-ാം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

3. 14 ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷ

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷൻ വാത്സല്യ) യുടെ ജില്ലാ ഘടകങ്ങളിലെ CWC, JJB മെമ്പർമാർക്ക് നിലവിൽ ഒരു സിറ്റിംഗിന് അനുവദിച്ച വരുന്ന തുക 1500/-രൂപയാണ്. പരാമർശം (1) ലെ മാർഗ്ഗനിർദേശ പ്രകാരം, ആയത് 2000/-രൂപയായി ഉയർത്തി 2022 ഏപ്രിൽ മാസം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട് .

CWC, JJB മെമ്പർമാർക്ക് സിറ്റിംഗ് ഫീസ് / ഹോണറേറിയം ഇനത്തിൽ 2022 ഏപ്രിൽ മുതൽ 2022 ഡിസംബർ മാസം വരെ കുടിശ്ശിക ഇനത്തിൽ തുക അനുവദിച്ച നൽകുന്നതിനായി, വിവിധ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പരാമർശം (3) പ്രകാരം ലഭ്യമായ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലെ CWC, JJB അംഗങ്ങൾക്ക് 2022 ഏപ്രിൽ മുതൽ 2022 ഡിസംബർ മാസം വരെ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള സിറ്റിംഗ് ഫീസ് / ഹോണറേറിയം തുക ആകെ 64,40,000/-രൂപ (**അറുപത്തി നാല് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം**) ചുവടെ പട്ടിക പ്രകാരം അനുവദിച്ചുത്തരവാകുന്നു.

/78027/2023

| Sl.no | District | CWC | JJB | Total |
|---|---|---|---|---|
| Component Code | | 1.31.1 | 1.29.1 | |
| 1 | DCPU Thiruvananthapuram | 3,55,500 | 1,52,000 | 5,07,500 |
| 2 | DCPU Kollam | 3,67,000 | 47,500 | 4,14,500 |
| 3 | DCPU Pathanamthitta | 3,76,000 | 53,000 | 4,29,000 |
| 4 | DCPU Alappuzha | 5,83,500 | 52,000 | 6,35,500 |
| 5 | DCPU Kottayam | 4,02,500 | 69,500 | 4,72,000 |
| 6 | DCPU Idukki | 4,28,000 | 1,27,000 | 5,55,000 |
| 7 | DCPU Ernakulam | 3,64,500 | 85,500 | 4,50,000 |
| 8 | DCPU Thrissur | 4,29,000 | 33,000 | 4,62,000 |
| 9 | DCPU Palakkad | 2,85,000 | 16,000 | 3,01,000 |
| 10 | DCPU Malappuram | 4,29,000 | 37,000 | 4,66,000 |
| 11 | DCPU Kozhikkode | 400000 | 44000 | 4,44,000 |
| 12 | DCPU Wayanad | 417500 | 29000 | 4,46,500 |
| 13 | DCPU Kannur | 321000 | 92500 | 4,13,500 |
| 14 | DCPU Kasargod | 379500 | 64000 | 4,43,500 |
| | Grant Total | 55,38,000 | 9,02,000 | 64,40,000 |

ടി തുക 64,40,000/-രൂപ (അറുപത്തി നാല് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീംമിന്, വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ IDBI Bank ന്റെ 0889104000111737 നമ്പർ SNA അക്കൗണ്ടിൽ നിന്നും (IFSC.Code.IBKL0000889) അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്ക് മേൽ പട്ടിക പ്രകാരം അനുവദിക്കേണ്ടതും, ജില്ലാ വനിത ശിശു വികസന ഓഫീസർ തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതുമാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് കൊണ്ട് തുക ബന്ധപ്പെട്ട CWC, JJB അംഗങ്ങൾക്ക് അനുവദിച്ച് നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

I/78027/2023

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്കും
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 27-01-2023 13:57:04